# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1687 04.10.2016-ൽ മറുപടിയ്ക്ക്**

## കെ.എസ്.ഇ.ബി. യെ ലാഭത്തിലെത്തിക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല:** | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നഷ്ടം നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കെ. എസ്. ഇ. ബി.യാണെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | സംസ്ഥാനത്ത് നഷ്ടം നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി.ലിമിറ്റഡും ഉൾപ്പെടുന്നു.<br>2014-15 സാമ്പത്തിക വർഷത്തിലെ താത്കാലിക കണക്കുപ്രകാരം കെ.എസ്.ഇ. ബി.ലിമിറ്റഡിന്റെ നഷ്ടം 1272.90 കോടി രൂപയാണ്. |
| (ബി) എങ്കിൽ 2014-15 വർഷത്തിൽ കെ.എസ്.ഇ.ബി.യുടെ നഷ്ടം എത്ര കോടി രൂപയാണ്; | | |
| (സി) മുൻ വർഷത്തെ അപേക്ഷിച്ച് 2014-15-ൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടായിട്ടും ബോർഡിന്റെ നഷ്ടം വർദ്ധിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (സി) | 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2014-15 സാമ്പത്തിക വർഷത്തിൽ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. ഏകദേശം വരുമാനത്തിൽ 140 കോടി രൂപയുടെ കുറവാണ് ഉണ്ടായത്. ചെലവിനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായതും 2014-15 വർഷത്തിൽ നഷ്ടം വർദ്ധിക്കുന്നതിന് കാരണമായി. |
| (ഡി) നഷ്ടം കുറച്ച് ബോർഡിനെ ലാഭത്തിലെത്തിക്കുവാൻ എന്തൊക്കെ നടപടികൾ കൈകൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കെ.എസ്.ഇ.ബി.യുടെ നഷ്ടം കുറച്ച് ലാഭത്തിലാക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.<br>1. മുൻകാലങ്ങളിലെന്നപോലെ ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയെടുക്കുന്നതാണ്.<br>2. കേന്ദ്ര സർക്കാർ 20.11.2015-ൽ പ്രഖ്യാപിച്ച 'ഉദയ് പദ്ധതി' യുടെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയാകുന്നതിന് നടപടിയെടുത്തു. പ്രസ്തുത പദ്ധതി പ്രകാരം AT&C loss |

കുറയ്ക്കുന്നതിനും റവന്യൂ ഗ്യാപ്പ് കുറയ്ക്കുന്നതിനും നടപടിയെടുക്കുന്നതാണ്.

മിതമായ വിലയിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിലൂടെയും ബോർഡിന്റെ നഷ്ടം കുറച്ചു കൊണ്ടുവരുവാനാണ് ശ്രമിക്കുന്നത്.

Hemalatha

**സെക്ഷൻ ഓഫീസർ**